"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിലെ എൽ.ജി (ഹിന്ദി ടീച്ചർ) ആയ ശ്രീമതി. ദീപ എ.എസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.40515/2022 മേലുള്ള ബഹു ഹൈക്കോടതിയുടെ 22/02/2023-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.4651/2023/GEDN തീയതി,തിരുവനന്തപുരം, 14-08-2023

പരാമർശം:-

1 29/01/2016 തീയതിയിലെ സ.ഉ.(പി) നം.29/2016/പൊ.വി.വ ഉത്തരവ്

2 26/12/2016 തീയതിയിലെ സ.ഉ.(എം.എസ്) നം.209/16/പൊ.വി.വ. ഉത്തരവ്

3 പൊതുവിദ്യാഭ്യാസ ഡയറക്ടർറുടെ 04/05/2019 തീയതിയിലെ H2/85692/18/DGE നമ്പർ ഉത്തരവ്.

4 കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14/10/2016 തീയതിയിലെ ബി6/5762/16 നമ്പർ ഉത്തരവ്.

5 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/05/2019 തീയതിയിലെ ഡി.പി.ഐ/85962/2018-എച്ച് 2 നമ്പർ കത്ത്

6 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27/10/2021 തീയതിയിലെ ഡി.ജി.ഇ/ ഇറ്റി1/11492/20 നമ്പർ കത്ത്.

7 20/06/2022 തീയതിയിലെ സ.ഉ (അച്ചടി) നം.7/2022/പൊ.വി.വ ഉത്തരവ്

8 ശ്രീമതി. ദീപ എ.എസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.40515/2022 മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 22/02/2023-ലെ

വിധിന്യായം.

9 13/04/2023 തീയതിയിലെ സ.ഉ (സാധാ) നം.2420/2023/പൊ.വി.വ ഉത്തരവ്

10 കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13/05/2023-ലെ DDEKLM/5866/2022-B3 നം.കത്ത്

11 കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/05/2023-ലെ ബി6/11855/2022 നം.കത്ത്

12 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/05/2023-ലെ DGE/17642/2022-H5 നം.കത്ത്

ഉത്തരവ്

കൊല്ലം ജില്ലയിലെ പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിലെ എൽ.ജി (ഹിന്ദി ടീച്ചർ) ആയ ശ്രീമതി. ദീപ എ.എസ് ഫയൽ ചെയ്ത റിട്ട് ഹർജി നം.40515/2022 നമ്പേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (8) പ്രകാരമുള്ള വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായം ലഭിച്ച് 4 മാസത്തിനുള്ളിൽ, ഹർജിക്കാരിയെ നേരിൽ കേട്ട ശേഷം ടിയാരിയുടെ ഹർജി എക്സ്ബിറ്റ് P6, P7 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് തീർപ്പാക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ഹർജിക്കാരിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും 24/05/2023-ൽ നേരിൽ കേൾക്കുകയുണ്ടായി.

2. നേരിൽ കേട്ട വേളയിൽ പരാതി കക്ഷിയായ ശ്രീമതി. ദീപ എ.എസ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

പാരിപ്പള്ളി എ.എസ്.എച്ച്.എസ്.എസ്.ലെ എൽ.ജി.ഹിന്ദി അധ്യാപികയായ പരാതിക്കാരിയ്ക്ക് 11/06/2012 മുതൽ പ്രമോഷൻ ഒഴിവിൽ നിയമനാംഗീകാരം കിട്ടിയിരുന്നു. അതേസമയം, 2017-18 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ശ്രീ. ശാന്തിലാൽ ജെ.പി. എച്ച്.എസ്.എ. (ഹിന്ദി) ക്ക് തസ്തിക നഷ്ടമായതിനാൽ ടിയാനെ റിവർട്ട്ചെയ്ത് എൽ.ജി ഹിന്ദി ആയി പരാതിക്കാരിയുടെ തസ്തികയിൽ നിലനിർത്തിയതിനാൽ തസ്തിക നഷ്ടമായിയെന്നും എന്നാൽ പ്രൊമോഷൻ ഒഴിവിൽ 11/06/2012 മുതൽ അംഗീകാരമുള്ളതിനാൽ സംരക്ഷണത്തിനും. പുനർവ്യന്യാസത്തിനും അർഹതയുണ്ടായിരുന്നെങ്കിലും കൊല്ലം ഡി.ഇ.ഒ പരാതിക്കാരിയെ റീടെഞ്ചിഡായി പ്രഖ്യാപിക്കുകയാണുണ്ടായതെന്നും ,അതേസമയം 2012-13-ൽ റെഗുലർ ഒഴിവിൽ (റിട്ടയർമെന്റ്,

മരണം, രാജി, പ്രൊമോഷൻ തുടങ്ങിയവ) നിയമിക്കപ്പെട്ട് 2017-18 ൽ തസ്തിക നഷ്ടം വന്ന മറ്റെല്ലാ അധ്യാപകരേയും പുനർവ്യന്യസിക്കുകയുണ്ടായെന്നും , 15/07/2017 മുതൽ സർവ്വീസ് ബ്രേക്ക് വരാതെ പ്രൊട്ടക്ഷനർഹതയുള്ളവരെ പുനർവ്യന്യ സിപ്പിക്കണമെന്ന് വ്യക്തമായ സർക്കാർ ഉത്തരവ് നിലൽക്കെ പരാതിക്കാരിയെ റീടൈഞ്ചിയാക്കുകയുണ്ടായെന്നും എന്നാൽ പുനർവ്യന്യ സിപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായതിനെ തുടർന്ന് ചാലക്കുടി ബി.ആർ.സി.-ൽ സി.ആർ.സി കോ-ഓർഡിനേറ്ററായി 17/06/2019 മുതൽ നിയമിക്കുകയുണ്ടായെന്നും പിന്നീട് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ഡി.ഡി.ഇ മാതൃവിദ്യാലയത്തിൽ തിരികെ നിയമിക്കുകയും അവിടെ തുടർന്ന് വരികയാണെന്നും, 15/07/2017-ൽ റീടൈഞ്ചിഡാക്കിയെങ്കിലും സംരക്ഷണ ഉത്തരവിറങ്ങാൻ വൈകിയതിനാൽ 14/07/2018 വരെ മാതൃവിദ്യാലയത്തിൽ തന്നെ ജോലിയിൽ തുടർന്നിരുന്നുവെന്നും 15/07/2018 മുതൽ റീടൈഞ്ചിഡാക്കി പുറത്ത് നിർത്തിയിരുന്നതായും, 15/07/2017 മുതൽ സംരക്ഷണവും പുനർവ്യന്യാസവും കിട്ടേണ്ടിയിരുന്ന പരാതിക്കാരിക്ക് 15/07/2017 മുതൽ 16/06/2019 വരെ സർവ്വീസ് ഭംഗം വന്നിരിക്കുകയാണെന്നും 15//07/2017 മുതൽ 14/07/2018 വരെ ജോലി ചെയ്ത കാലയളവിലെയും വകുപ്പിന്റെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചമൂലം റീടൈഞ്ചിഡാക്കി പുറത്ത് നിർത്തിയ കാലയളവിലേയും ശമ്പളം നൽകിയിട്ടില്ലെന്നും, തസ്തികയില്ലാതെ ജോലി ചെയ്യേണ്ടിവന്ന കാലയളവും പുറത്ത് നിർത്തിയ കാലയളവും (15/07/2017 മുതൽ 16/06/2019 വരെയുള്ളത്) ക്രമീകരിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനഭ്യർഥിച്ച് സർക്കാരിലും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും നിവേദനം 14-10-2019 ൽ സമർപ്പിച്ചിരുന്നു. അതേസമയം, പുനർവ്യന്യസിക്കപ്പെട്ട തീയതി മുതലേ ശമ്പളം നൽകാനാവൂ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുകയാണെന്നും പുനർവിന്യാസം യഥാ സമയം നടത്താതെ വൈകിപ്പിച്ചവർക്കെതിരെ നടപടി കൈക്കൊള്ളാൻ പരാമർശം (3) പ്രകാരം ഉത്തരവിട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർ തന്നെ പുനർവിന്യാസത്തിനും അർഹത ഉണ്ടായിരുന്ന കാലയളവിലെ ശമ്പളം നിഷേധിച്ചുവെന്നും, 15/07/2017 മുതൽ 16/06/2019 വരെ സംരക്ഷണത്തിനർഹതയുണ്ടായിരുന്നതും ഡിപ്പാർട്ടമെന്റ് യഥാസമയം പുനർവ്യന്യാസ ഉത്തരവ് നൽകാതിരുന്നതു മൂലം സർവ്വീസ് ബ്രേക്കായി തുടരുന്നതുമായ കാലയളവ് ശമ്പളം അനുവദിച്ച്, മറ്റ് സംരക്ഷിതാദ്ധ്യാപകർക്കെന്ന പോലെ ക്രമീകരിക്കാൻ അടിയന്തര ഉത്തരവാകണം

3. ഈ വിഷയത്തിൽ വിദ്യാഭ്യാസ ആഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിൽ 2011-12 അധ്യയന വർഷം ഉണ്ടായ എൽ.ജി (ഹിന്ദി) അധിക ഡിവിഷൻ തസ്തികയിൽ ശ്രീമതി. ദീപ.എ.എസിനെ 04.06.2012 മുതൽ മാനേജർ നിയമിക്കുകയും, ടി നിയമനം അംഗീകരിക്കാത്തതിനെ തുടർന്ന് ടി സ്കൂളിലെ എൽ.ജി ഹിന്ദി അദ്ധ്യാപകനായ ശ്രീ.ശാന്തിലാൽ.ജെ.പി യെ 02.06.2014 മുതൽ എച്ച്.എസ്.എ (ഹിന്ദി) ആയി പ്രൊമോട്ട് ചെയ്തതിനെ തുടർന്നുണ്ടായ എൽ.ജി (ഹിന്ദി) ഒഴിവിലേയ്ക്ക് 02.06.2014 മുതൽ ശ്രീമതി ദീപ.എ.എസിനെ നിയമിക്കുകയും ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (4) ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകുകയും ചെയ്തു. 2017-18 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഒരു എച്ച്.എസ്.ടി (ഹിന്ദി) തസ്തിക നഷ്ടപ്പെടുകയുണ്ടായി. ജൂനിയർ എച്ച്.എസ്.ടി (ഹിന്ദി) ആയിരുന്ന ശ്രീ.ശാന്തിലാൽ.ജെ.പി യെ റിവേർട്ട് ചെയ്ത് എൽ.ജി (ഹിന്ദി) തസ്തികയിൽ നിലനിർത്തി. ഇതുമൂലം എൽ.ജി (ഹിന്ദി) ആയ ശ്രീമതി ദീപ.എ.എസ് തസ്തിക നഷ്ടപ്പെട്ട് പുറത്തായി. ഇതേ തുടർന്ന് ശ്രീമതി ദീപ.എ.എസ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ പരാതി സമർപ്പിക്കുകയും പ്രൊമോഷൻ ഒഴിവിൽ നിയമനാംഗീകാരത്തോടെ തുടർന്ന് വരുമ്പോൾ തസ്തിക നഷ്ടപ്പെട്ട ശ്രീമതി ദീപ.എ.എസിന് പരാമർശം (1) ഉത്തരവ് പ്രകാരം സംരക്ഷണാനുകൂല്യം ഉണ്ടെന്ന് കണ്ട് ശ്രീമതി.ദീപ.എ.എസിനെ സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി പുനർവിന്യാസം നൽകാൻ പരാമർശം (5) പ്രകാരം ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി ടിയാളെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പുനർവിന്യസിച്ചിരുന്നു. തസ്തികയില്ലാതെ പുറത്തു നിന്ന കാലയളവിൽ 15.07.2017 മുതൽ 16.06.2019 വരെയുള്ള കാലയളവിലെ ശമ്പളാനുകൂല്യങ്ങൾ വേണമെന്നാവശ്യപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ പരാമർശം (6) കത്ത് പ്രകാരം നിരസിച്ചിരുന്നു. തസ്തികനഷ്ടം സംഭവിച്ചതിനെ തുടർന്ന് സർവീസിൽ നിന്ന് പിരിച്ചുവിട്ട അധ്യാപകർക്ക് സേവന ആനുകൂല്യങ്ങളും ശമ്പളവും നൽകാൻ നിയമപരമായ വ്യവസ്ഥയില്ല. കൂടാതെ പരാമർശം (7) ഉത്തരവ് പ്രകാരം നോൺ ഡ്യൂട്ടി ആയി മാത്രമേ ഹർജിക്കാരിയുടെ റിടെഞ്ച്ഡ് പീരിയഡ് ക്രമപ്പെടുത്താൻ കഴിയുകയുള്ളൂ. കൂടാതെ പരാമർശം (9) ഉത്തരവ് പ്രകാരം ശ്രീമതി ദീപ.എ.എസിന്റെ 15.07.2017 മുതൽ 16.06.2019 വരെയുള്ള തസ്തികയില്ലാതെ പുറത്ത് നിന്ന കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

4. നേരിൽ കേട്ട വേളയിലെ വാദങ്ങളുടെയും പരാമർശം (10) മുതൽ (12) വരെയുള്ള റിപ്പോർട്ടുകളുടെയും നിലവിൽ പ്രാബല്യത്തിലുള്ള നിയമം, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരാതിക്കാരി സമർപ്പിച്ച റിവിഷൻ ഹർജി സർക്കാർ വിശദമായി

പരിശോധിച്ചു. പാരിപ്പള്ളി അമൃത സംസ്കൃത എച്ച്.എസ്.എസ്-ൽ 04/6/2012 മുതൽ 2011-12-ലെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി എ.എസ്.ദീപയുടെ അധിക തസ്തകിയിലെ നിയമനം അംഗീകരിക്കാത്തതിനാൽ പ്രസ്തുത സ്കൂളിലെ തന്നെ ജൂനിയർ ഹിന്ദി അധ്യാപകൻ ശ്രീ.ജെ.പി.ശാന്തിലാലിന് 11/06/2012 മുതൽ ഹൈസ്കൂൾ ടീച്ചർ (ഹിന്ദി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി.എ.എസ്. ദീപയെ മാറ്റി നിയമിച്ചു. തുടർന്ന് തസ്തികയില്ലാതെ വന്ന ശ്രീമതി.എ.എസ്. ദീപയെ സേവനത്തിൽ നിന്നും പുറത്തായി. എന്നാൽ,ഹർജിക്കാരിക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സംരക്ഷണത്തിന് അർഹത ഉണ്ടെന്ന് കണ്ടെത്തി അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷണ ആനുകൂല്യം അനുവദിച്ചു പുനർ വിന്യസിച്ചിരുന്നു. ടി ഉത്തരവ് ഖണ്ഡിക III (4) (ബി) പ്രകാരം സംരക്ഷിത ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകർക്ക് അവരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് മാത്രമേ ശമ്പളം നൽകാൻ വ്യവസ്ഥയുള്ളൂ.

5. മേൽ സാഹചര്യത്തിൽ പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിലെ എൽ .ജി ഹിന്ദി അധ്യാപിക ശ്രീമതി.എ.എസ് ദീപ തസ്തിക ഇല്ലാതെ സേവനത്തിൽ നിന്നും പുറത്തായ 15/07/2017 മുതൽ 16/06/2019 വരെയുള്ള കാലയളവിൽ ശമ്പളം ഉൾപ്പെടെയുള്ള സേവന ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്ന ആവശ്യം പരാമർശം (1), പരാമർശം (7) ഉത്തരവുകൾ പ്രകാരം സംരക്ഷിത ലിസ്റ്റിൽ ഉൾപ്പെട്ട അധ്യാപകർക്ക് അവരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് മാത്രമേ ശമ്പളം നൽകാൻ വ്യവസ്ഥയുള്ളുവെന്നതിനാലും, സേവനത്തിൽ നിന്നും പുറത്ത് നിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി മാത്രമേ അനുവദിക്കാൻ വ്യവസ്ഥയുള്ളുവെന്നതിനാലും അപ്രകാരം ടിയാളുടെ ടി കാലയളവ് നോൺ ഡ്യൂട്ടിയായി പരാമർശം (9) പ്രകാരം ക്രമീകരിച്ചിട്ടുള്ളതിനാലും സേവനത്തിൽ നിന്നും പുറത്തായ 15/07/2017 മുതൽ 16/06/2019 വരെയുള്ള കാലയളവിലെ ശമ്പള ആനുകൂല്യങ്ങൾ അനുവദിക്കാൻ സാധിക്കുന്നതല്ല. ആയതിനാൽ ശ്രീമതി.എ.എസ് ദീപയുടെ ഹർജി ഇതിനാൽ നിരസിച്ചു ഉത്തരവാകുന്നു

6. മേൽപ്രകാരം പരാമർശം (8) പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
ജോയിന്റ് സെക്രട്ടറി

സ.ഉ.(സാധാ) നം.4651/2023/GEDN

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

ശ്രീമതി. ദീപ എ.എസ്, എൽ.ജി (ഹിന്ദി ടീച്ചർ), അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂൾ, പാരിപ്പള്ളി പി.ഒ, കൊല്ലം - 691 574.

ഹെഡ് മാസ്റ്റർ, അമൃത സംസ്കൃതം ഹയർ സെക്കന്ററി സ്കൂൾ, പാരിപ്പള്ളി പി.ഒ, കൊല്ലം - 691 574.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C O
സെക്ഷൻ ഓഫീസർ
Date: 14-08-2023 17:15:20